Christian Medical Association of India
building a just and healthy society



# സൗഖ്യദായകശുശ്രൂഷാ ഞായർ - 2018

**11 ഫെബ്രുവരി 2018**

**പ്രമേയം : ദുരിതത്തിലെ പ്രത്യാശ**

## ആരാധന ക്രമം

1. **ആരാധനക്ക് ഒരുക്കം**

*"എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു, എന്റെ ദൈവത്തോടു നിലവിളിച്ചു; അവൻ തന്റെ മന്ദിരത്തിൽനിന്നു എന്റെ അപേക്ഷ കേട്ടു; തിരുമുമ്പിൽ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി"* - സങ്കീർത്തനം 18:6

*"ഞാനോ എളിയവനും ദുഃഖിതനും ആകുന്നു; ദൈവമേ, നിന്റെ രക്ഷ എന്നെ ഉയർത്തുമാറാകട്ടെ. ഞാൻ പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും; സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തും" -സങ്കീർത്തനം 69:29 -302.*

2. **സ്വാഗതം** : നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ സൗഖ്യദായകശുശ്രുഷാഞായറിന്റെ ആരാധനയിലേക്കു ഏവർക്കും സ്വാഗതം. ഇന്നേദിനം നഷ്ടങ്ങളുടെയും സങ്കടങ്ങളുടെയും വേദനയുടെയും കലഹത്തിന്റെയും കഷ്ടതയുടെയും ലോകത്തിൽ രക്ഷകനായ യേശു നമുക്ക് സാധ്യമാക്കിത്തന്ന സൗഖ്യത്തെ ഓർക്കുവാനും ആഘോഷിക്കുവാനും വേർതിരിക്കപ്പെട്ടിരിക്കുന്നു

3. **പ്രാരംഭ പ്രാർത്ഥന** : ഞങ്ങളുടെ ജീവന്റെ ഉറവിടവും ആശ്രയവും ആയ സർവശക്തനായ ദൈവമേ, ഞങ്ങളുടെ ബലഹീനതകളിൽ അങ്ങ് ഞങ്ങളുടെ ശക്തിയാകുന്നുവെന്നു അറിയുവാനുള്ള ഈ അവസരത്തിന് നന്ദി പറയുന്നു. ഞങ്ങളുടെ മലിന ഹൃദയങ്ങളിൽ സൗഖ്യം പ്രദാനം ചെയ്യുന്ന അങ്ങയുടെ സാന്നിധ്യമെന്ന ദാനത്തിനു നന്ദി പറയുന്നു. കലഹത്തിന്റെയും കഷ്ടതയുടെയും നടുവിലായിരിക്കുമ്പോൾ ഞങ്ങളുടെ ദുർബല ഹൃദയങ്ങളെ നീ തൊട്ടു ബലപ്പെടുത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിന്റെ നിത്യസ്നേഹത്തിൽ നിന്ന് ഞങ്ങളെ ഒരുനാളും കൈവിടുകയും ഉപേക്ഷിക്കുകയും അരുതെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങൾക്ക് ഒരുനാളും ദാഹിക്കാത്ത അളവിൽ നിന്റെ ജീവജലം കൊണ്ട് ഞങ്ങളെ നിറക്കുമാറാകണം എന്ന് ഞങ്ങൾ യാചിക്കുന്നു. നിന്റെ രോഗ സൗഖ്യവും പൂർണ്ണതയും ഞങ്ങളുടെ ജീവിതത്തിന്റെ ഓരോ നിമിഷവും അനുഭവിക്കാൻ ഇടയാകുമാറ് ഞങ്ങളുടെ ബലഹീന കരങ്ങളെ കാത്ത്

പരിപാലിക്കേണമേ എന്ന് അപേക്ഷിക്കുന്നു. ദൈനംദിന വെല്ലുവിളികളെ അതിജീവിക്കുമാറ് ഞങ്ങളുടെ ജീവിതത്തിന്റെ ഓരോ പ്രതിസന്ധിഘട്ടങ്ങളിലും നിന്റെ ആത്മാവിന്റെ ഉണർവേകുന്ന സാന്നിധ്യം തന്നു ഞങ്ങളെ അനുഗ്രഹിക്കുമാറാകണമെന്നു പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ യാചിക്കുന്ന ഈ അപേക്ഷ കേൾക്കുമാറാകണമേ ആമേൻ

4. **പ്രാരംഭ ഗീതം** : 'Crown Him with many crowns'

5. **അപ്പസ്തോലിക / നിഖ്യാ വിശ്വാസ പ്രമാണം / സ്തോത്ര അർപ്പണം / പാപസ്വീകാരവും പാപവിമോചനവും (ആരാധനാക്രമം പ്രകാരം)**

6. **വിശുദ്ധഗ്രന്ഥ വായന**

ഒന്നാം പാഠം : സങ്കീർത്തനം 116:1-19

രണ്ടാം പാഠം : റോമർ 8:18-30

മൂന്നാം പാഠം : മത്തായി 6:25-34

7. **സൗഖ്യദായക ശുശ്രൂഷക്ക് ആമുഖം**

കരുണയുള്ള ക്രിസ്തുവിന്റെ ജീവിതത്തെയും പ്രവർത്തികളെയും അവന്റെ ജീവിതാരംഭത്തിൽ തന്നെ താൻ ആരംഭിച്ച പ്രഭാഷണങ്ങളും പ്രബോധനങ്ങളും സൗഖ്യ ശുശ്രൂഷയും തുടർന്ന് ചെയ്യുവാൻ നമുക്കുള്ള വിളിയെയും അടിസ്ഥാനപ്പെടുത്തി രൂപം കൊടുത്തിട്ടുള്ളതാണ് സൗഖ്യദായക ശുശ്രൂഷ. എല്ലാ മനുഷ്യരും പൂർണത ഉള്ളവർ ആകണം എന്നായിരുന്നു ക്രിസ്തുവിന്റെ ഹിതം. അതുകൊണ്ടുതന്നെ സൗഖ്യം ബഹുമുഖമാണ്. ആത്മീയവും മാനസികവും ശാരീരികവും വൈകാരികവും സാമൂഹികവും ആണ് സൗഖ്യം. ആദി മുതൽതന്നെ നമ്മുടെ കർത്താവും രക്ഷകനുമായ യേശു ക്രിസ്തു മാത്രമാണ് സകല സൗഖ്യത്തിന്റെയും ഉറവിടം. ഭാരതത്തിൽ മെഡിക്കൽ മിഷനറി അസ്സോസിയേഷനാൽ 1905 ൽ ആണ് സൗഖ്യ ദായക ശുശ്രൂഷ ഔപചാരികമായി ആരംഭിച്ചത്. 1926 ൽ ഈ സംഘടന ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (CMAI) എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. ഇന്ന് CMAI ൽ ലുധിയാന, വെല്ലൂർ മെഡിക്കൽ കോളേജുകൾ അടക്കം 300 ൽ അധികം ക്രിസ്ത്യൻ മിഷൻ ആശുപത്രികൾ അംഗങ്ങളാണ്. മാത്രമല്ല, പതിനായിരത്തോളം സമർപ്പിത ക്രൈസ്തവ ആരോഗ്യ പ്രവർത്തകരെ സൗഖ്യദായക ശുശ്രൂഷയുടെ കുടക്കീഴിൽ കൊണ്ടുവരുവാൻ CMAI ക്ക് സാധിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ എർപ്പെടുക വഴി CMAI ശക്തിക്കുമേൽ ശക്തി പ്രാപിക്കുവാൻ ഇടയായി തീർന്നു. കുഷ്ഠം, ക്ഷയം, മലമ്പനി, എയ്ഡ്സ് തുടങ്ങിയ പല മേഖലകളിലും ശുശ്രൂഷയുടെ ആദ്യ ചുവടുകൾ വച്ചതു CMAI ആണ്. ക്രിസ്തുവിന്റെ സ്നേഹത്തിൽ അവന്റെ കൽപ്പന പ്രകാരം നീതി യുക്തവും ആരോഗ്യപൂർണ്ണവും ആയ സമൂഹങ്ങൾ കെട്ടിപ്പടുക്കുവാൻ ഭാരത സഭകളെ സഹായിക്കുക എന്നതാണ് CMAI യുടെ ലക്ഷ്യം.

## 8. നിർദിഷ്ട പ്രസംഗ സംക്ഷേപം

## പ്രമേയം : ദുരിതത്തിലെ പ്രത്യാശ

**"ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെക്കുന്നതുമില്ല എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു അവയെ പുലർത്തുന്നു; അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ ? വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും? " - മത്തായി 6:26,27**

ജീവിതത്തിൽ ദുരിതങ്ങൾ കടന്നുവരുന്നതിനു കാരണം എന്താണ്? നമ്മുടെ ആകുലതകളോ അത്യാർത്തിയോ മൂലം ആണോ? അതോ ദൈവം നമ്മെ അപ്രകാരം സൃഷ്ട്ടിച്ചത് മൂലമാണോ? നാം ഈ ശപിക്കപ്പെട്ട ലോകത്ത് വീണു പോയ അവസ്ഥയിൽ ഉള്ളവരാണ്. ദേഹ ദേഹി ആത്മാക്കളുടെ വേദന തിരിച്ചറിയുന്ന യുക്തിയുള്ള മനുഷ്യജീവികളാണ് നാം. അവിടെ നിന്നാണ് നമ്മുടെ ദുരിതങ്ങളുടെ ആരംഭം.

ക്രിസ്തുവിനെക്കുറിച്ച് ചിന്തിക്കുവാനും ദൈവത്തോട് അടുത്തുവന്നു സദാ സമയവും അവനെ ആശ്രയിക്കുവാൻ നമ്മെ ഉദ്ദീപിപ്പിക്കുവാനുമാണ് പ്രാഥമികമായും വേദനകൾ.

### ദുരിതവും നൈരാശ്യവും

- ഈ ലോകത്തുള്ള സകല ജീവിതങ്ങളും താൽക്കാലികം മാത്രമാണ്
- അസ്തിത്വവും ആകുലതയും
- പുതു ഉയരങ്ങൾ തേടുക
- ദുരിതത്തിലെ നഷ്ടപ്പെടലും തരണം ചെയ്യാനുള്ള കഴിവും
- മാറ്റങ്ങളെ സ്വീകരിക്കുവാനും പ്രത്യാശിക്കുവാനുമുള്ള വിമുഖത

### വിഷാദവും പരാജയവും

- തുടർച്ചയായ പരാജയത്താൽ ഉണ്ടാവുന്ന തളർച്ച
- തൃഷ്ണകളെ പിന്തുടരുന്നത് മൂലം ഉണ്ടാവുന്ന വിഷാദം
- വിജയം പ്രാപിക്കുവാനും അതിൽ തുടരുവാനും സാധിക്കാതെ വരുക
- ജീവിതം മടുക്കുക
- നെഗറ്റീവ് എനർജി സംഭരിക്കുക
- ജീവിക്കുവാനുള്ള താല്പര്യവും ആശയും നഷ്ടപ്പെടുക

### ക്രിസ്തുവിലുള്ള ആശ്രയത്വം പ്രതീക്ഷ നൽകുന്നു

- ജീവിതത്തിനു പുതിയ അർത്ഥവും വ്യാഖ്യാനവും നൽകുന്നു
- ജീവിതത്തിൽ എല്ലാം ഐഹികം എന്ന തിരിച്ചറിവിൽ ആശയറ്റ അവസ്ഥകൾ വ്യത്യാസപ്പെടുന്നു
- ദൈവത്തെ അറിയുന്നത് മൂലംപ്രാപിക്കുന്ന പ്രത്യാശ നമ്മുടെ അകമേ ഉള്ള മനുഷ്യനെ രൂപാന്തരപ്പെടുത്തുന്നു
- ജീവിതത്തിൽ യഥാർത്ഥ മുൻഗണകൾ കടന്നു വരുന്നു

- ജീവിതത്തിന്റെ പരിമിതികളും സാധ്യതകളും മനസിലാകുന്നു
- അതിരുകൾ വിശാലമാകുകയും പുതുവഴികൾ തുറക്കപ്പെടുകയും ചെയ്യുന്നു
- ഒരു നഷ്ടവും പരാജയമല്ല എന്ന് അറിയുന്നു

## ഉപസംഹാരം

നാം ക്രിസ്തുവിൽ പുതുപ്രത്യാശ ഉള്ളവർ ആകുമ്പോൾ നാം ക്രിസ്തു ഉടയവനായ അപരാജിതരായ വ്യക്തികൾ ആണ്. നമ്മുടെ ജീവിക്കാനുള്ള ഊർജം ദൈവത്തിൽ നിന്ന് വരുന്നതുകൊണ്ട് നമുക്ക് ഏതു സാഹചര്യത്തിലും ശാശ്വതമായ പ്രത്യാശ ഉണ്ടാകുന്നു. കർത്താവായ യേശുക്രിസ്തുവിൽ ഉള്ള വിശ്വാസവും ആശ്രയവും മുഖാന്തിരം നാം അപാരാജിതരും വിജയികളും ആയി മാറുന്നു. ആകാശത്തിലെ പറവകളെ പോലെ നാം സ്വാതന്ത്ര്യവും നിർവൃതിയും ആസ്വദിക്കുന്നു. നമ്മെപ്പോലെ ജീവിച്ച യേശുക്രിസ്തുവിനെ ദൈവമായി ആരാധിക്കുവാൻ ലഭിക്കുവാൻ ഭാഗ്യം ലഭിച്ചവരാണ് നമ്മൾ.

## പ്രാർത്ഥന

ഞങ്ങളുടെ സ്വർഗീയ പിതാവേ ഞങ്ങൾക്കുവേണ്ടി കഷ്ടമനുഭവിച്ച നിന്റെ പുത്രനുവേണ്ടി നന്ദി പറയുന്നു. ജീവിതത്തിൽ ദുരിതങ്ങളിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്നവർക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരുടെ കഷതകൾ അതിജീവിക്കുവാനും നിന്നിലേക്ക് എത്തിച്ചേരുവാനും അവരെ സഹായിക്കണമേ. യേശുക്രിസ്തു മൂലം തന്നെ... ആമേൻ

## 9. മധ്യസ്ഥപ്രാർത്ഥന

ഞങ്ങളുടെ സ്നേഹമുള്ള സ്വർഗീയ പിതാവേ, ജീവിതത്തിലെ സകല പ്രശ്നങ്ങളിലും അതിജീവിക്കുവാൻ ഞങ്ങൾക്ക് മാർഗമുണ്ടാക്കിയ നിനക്ക് നന്ദി അർപ്പിക്കുന്നു. അതുമൂലം ജീവിതത്തിൽ പ്രതികൂലങ്ങളിലൂടെ കടന്നുപോകുന്ന ഏവരെയും സഹായിക്കേണമേ. നീ അവരെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും പിന്താങ്ങുകയും കരുതുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു

**കർത്താവേ നിന്റെ കൃപയാൽ ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ**

കരുണയുള്ള കർത്താവേ, സ്വർഗീയ പിതാവേ, ദുരിതത്തിൽ ഇരിക്കുന്നവരെ സഹായിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നവരെ ഞങ്ങൾ ഓർത്തു പ്രാർത്ഥിക്കുന്നു. അവരുടെ ശുശ്രൂഷയിലൂടെ കഷ്ടത്തിൽ ഇരിക്കുന്നവർ തങ്ങളുടെ ജീവിതങ്ങളെ പുതുക്കി പണിയുവാനും തങ്ങളെ തന്നെ വീണ്ടെടുപ്പിന്റെയും സൗഖ്യത്തിന്റെയും പാതയിൽ ആക്കി വെക്കുവാനും വേണ്ട പ്രത്യേക കൃപകൾ നൽകണമെന്ന് ഞങ്ങൾ അപേക്ഷിയ്ക്കുന്നു

**കർത്താവേ നിന്റെ കൃപയാൽ ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ**

കർത്താവേ, സൗഖ്യ ശുശ്രൂഷയുടെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന ഓരോ വ്യക്തികൾക്ക് വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ജനങ്ങളുടെ ക്ഷേമത്തിനായി യഥാർത്ഥമായി ഒരുമനപ്പെട്ടു പ്രവർത്തിക്കുവാൻ അവരെ സഹായിക്കണം എന്ന് അപേക്ഷിക്കുന്നു. രോഗികളെയും ദുരിതങ്ങളിലൂടെ കടന്നു പോകുന്നവരെയും ശുശ്രൂഷിക്കുന്നവരെ നീ സഹായിക്കണം എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. അവരെ സഹായിച്ചു, രോഗ നിര്ണയത്തിനുള്ള ശേഷിയും ചികിത്സിക്കുവാനുള്ള അറിവും നൽകിക്കൊള്ളണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ നിന്റെ കൃപയാൽ ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ**

സർവശക്തനായ ദൈവമേ ദുരിതത്തിലും സഹനത്തിലും ഇരിക്കുന്നവർക്കും രോഗികൾക്കും നിന്റെ പുത്രന്റെ സ്നേഹം പകർന്നു കൊടുക്കേണ്ടതിനു രാജ്യമെമ്പാടും പ്രവർത്തിക്കുന്ന CMAI പ്രവർത്തകരെയും സ്ഥാപനങ്ങളെയും ഓർത്തു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആയാസപ്പെടുന്നവരെ സഹായിക്കുകയും അവർ സൗഖ്യ ദായക ശുശ്രൂഷയിൽ കാലാനുചിതരും സഫലരും ആയിത്തീരുവാൻ കൃപനൽകുകയും ചെയ്യണമെന്ന് ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു.

**കർത്താവേ നിന്റെ കൃപയാൽ ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ**

കർത്താവേ, സഭകളുടെ സൗഖ്യദായക ഉപകരണമായ CMAI യെ ഓർത്തു പ്രാർത്ഥിക്കുന്നു. ജനങ്ങളുടെ ജീവിതത്തിന്റെ സമൃദ്ധിക്കുള്ള തടസ്സങ്ങളെ നേരിടുവാൻ നിന്റെ സഭയെ സഹായിക്കണമേ. ദുരിതങ്ങളിൽ ഇരിക്കുന്നവരെ സഹായിക്കുവാനും തന്മൂലം നിന്റെ ജനത്തിന്റെ ജീവിതനിലവാരം ഉയർത്തുവാനും ആരാധനക്കായി കൂടിവരുന്ന ഓരോ സമൂഹങ്ങളെയും സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ നിന്റെ കൃപയാൽ ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ**

(മറ്റെന്തെങ്കിലും പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ടെങ്കിൽ ചേർത്ത് പ്രാർത്ഥിച്ച ശേഷം പുരോഹിതൻ / പാസ്റ്റർ പ്രാർത്ഥിച്ചു അവസാനിപ്പിക്കുക.)

*തിരുവത്താഴ ശുശ്രൂഷ ഉണ്ടെങ്കിൽ ആരാധനാ ക്രമം അനുസരിച്ച് തുടർന്ന്, സമാപന പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി അവസാനിപ്പിക്കുക.*

സൗഖ്യദായകശുശ്രൂഷാഞായറിൽ ലഭിക്കുന്ന സ്തോത്ര വഴിപാടുകൾ “CMAI ന്യൂ ഡെൽഹി” എന്ന പേരിലുള്ള DD ആയോ ചെക്ക് ആയോ താഴെ പറയുന്ന വിലാസത്തിൽ അയക്കാവുന്നതാണ്.

**CMAI Office, Plot No.2, A-3**
**Local Shopping Centre, Janakpuri, New Delhi.**